# നീര കർഷകർ അനിശ്ചിതകാല സമരത്തിലേക്ക്

കൊച്ചി: നീര കർഷകരോട് സർക്കാർ കാട്ടുന്ന അവഗണനയിലും വാഗ്ദാന ലംഘനത്തിലും പ്രതിഷേധിച്ച് നാളികേര വികസന ബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന ഉത്പാദക കമ്പനികളുടെ കൂട്ടായ്മയായ കൺസോർഷ്യം ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനീസ് ഇൻ കേരള മെയ് 11 ന് കളക്ട്രേറ്റ് ധർണയും, മെയ് 18 മുതൽ സെക്രട്ടറിയേറ്റ് പടിക്കൽ അനിശ്ചിതകാല നിരാഹാര സമരവും നടത്തും.

നീര സംഭരണവും സംസ്കരണവും നടത്തുന്നതിന് 2013-14 ബജറ്റിൽ വകയിരുത്തിയ 15 കോടി രൂപയുടെ ഗ്രാന്റ് ലാപ്സായ സാഹചര്യത്തിലാണ് സമരത്തിനിറങ്ങുന്നത്. ആവശ്യങ്ങൾ അംഗീകരിക്കാത്ത പക്ഷം മെയ് 18 മുതൽ സെക്രട്ടേറിയറ്റിനു മുന്നിൽ അനിശ്ചിതകാല നിരാഹാരസമരം ആരംഭിക്കുമെന്ന് കൺസോർഷ്യം ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനീസ് ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ, ജനറൽ സെക്രട്ടറി നാസർ പൊന്നാട് എന്നിവർ അറിയിച്ചു.